LIBRARY ARCHIVES Kerala Legislative Assembly

കെൽട്രോൺ മുഖേന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ട് മാസം കൊണ്ട് ഇത് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വേണ്ടത്ര തയ്യാറെടുപ്പ് നടത്തിയിട്ട് തന്നെയാണ് ഇ-ഹയറിംഗ് ഏർപ്പെടുത്തിയത്. കഴിഞ്ഞവർഷം ഒക്ടോബർ മുതൽ ഇതിനാവശ്യമുള്ള തയ്യാറെടുപ്പുകൾ ഇടങ്ങുകയും ഈ വർഷം മാർച്ച് മാസത്തോടെ പരിശീലനം, അടിസ്ഥാന സൗകര്യ വികസനം എന്നിവ പൂർത്തിയാക്കുകയും ചെയ്തു. ഹയറിംഗുകൾ നടത്താൻ ചെയ്യുന്നതിനായി നിരവധി സ്ഥാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇ-ഹയറിംഗ് നടപ്പിലാക്കിയതുമൂലം ഹയറിംഗുകൾ തീർപ്പാക്കാൻ കാലതാമസം ഉണ്ടായിട്ടില്ല. മറിച്ച് കൂടുതൽ വേഗത്തിൽ ഹയറിംഗുകൾ തീർപ്പാക്കാൻ സാധിക്കുകയാണുണ്ടായത്.

7. പ്രതികളെ അറസ്റ്റ് ചെയ്യൽ

ഡോ. ടി. എം. തോമസ് ഐസക്: സർ, ആലപ്പുഴയിൽ പി. കൃഷ്ണപിള്ള ഒളിവിൽ താമസിക്കുകയും സർപ്പദംശമേറ്റ് മരിക്കുകയും ചെയ്ത വീട് ഞങ്ങൾ ഒരു സ്മാരകമായി സംരക്ഷിച്ചുവരികയായിരുന്നു. എന്നാൽ ദൗർഭാഗ്യവശാൽ സാമൂഹ്യ വിരുദ്ധർ കഴിഞ്ഞ ഒക്ടോബർ 31-ന് ആ വീട് തീവെച്ച് നശിപ്പിക്കാൻ ശ്രമം നടത്തുകയുണ്ടായി. നാളിതുവരെയായി കുറ്റവാളികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അങ്ങയുടെ സത്വരമായ ശ്രദ്ധയും നടപടിയും ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മാരാരിക്കുളം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കണ്ണാർക്കാട്ടുള്ള സഖാവ് പി. കൃഷ്ണപിള്ള സ്മാരകത്തിന് നേരെ 31-10-2013-ൽ പുലർച്ചെ 1.30-ന് ഉണ്ടായ അക്രമത്തെ സംബന്ധിച്ച് ഐ.പി.സി. 447, 427, 436, 153 എന്നീ വകുപ്പുകൾ പ്രകാരം മാരാരിക്കുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 720/2013-ാം നമ്പർ കേസ്, 27-12-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 118713/M3/13/Home പ്രകാരം ക്രൈംബ്രാഞ്ച് കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്. ഇത് കേരളം മുഴുവൻ ശ്രദ്ധിക്കുന്നകാര്യമാണ്. പി. കൃഷ്ണപിള്ളയെപ്പോലെ മഹാനായ നേതാവിന്റെ സ്മാരകത്തിന് നേരെ നടന്ന സംഭവം എല്ലാവരെയും വേദനിപ്പിക്കുകയും ഞെട്ടിപ്പിക്കുകയും ചെയ്യുന്നതാണ്. ഇത് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയാണ്. വളരെ സെൻസിറ്റീവായ കാര്യമായതുകൊണ്ട് സാഹചര്യത്തെളിവുകളുടെയോ അനുമാനത്തിന്റെയോ അടിസ്ഥാനത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയില്ല. ഏതായാലും എ.ഡി.ജി.പി. ശ്രീ. അനന്തകൃഷ്ണന്റെ നേതൃത്വത്തിൽ നേരിട്ടൊരു അന്വേഷണം നടത്താൻ പറയുകയാണ്. പലരെയും

സംശയിക്കുന്നുണ്ട്. 190-ഓളം ആളുകളെ ഇതിനകം ചോദ്യം ചെയ്തുകയുണ്ടായി. ഫിംഗർ പ്രിന്റ് ബ്യൂറോയിൽ ചില ആളുകളുടെ വിരലടയാളമുൾപ്പെടെ പരിശോധിച്ച് വരികയാണ്. എ.ഡി.ജി.പി ശ്രീ. അനന്തകൃഷ്ണനോട് പ്രത്യേകമായി ഇത് അന്വേഷിച്ച് കണ്ടെത്തണമെന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. പി. തിലോത്തമൻ, എം.എൽ.എ. കഴിഞ്ഞ തവണ ഈ വിഷയം ഉന്നയിച്ചിരുന്നു. തീർച്ചയായും വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. അന്വേഷിച്ച് എത്രയുംവേഗം നടപടി സ്വീകരിക്കുന്നതാണ്.

8. കായിക സർവ്വകലാശാല

<u>ശ്രീ. ബെന്നി ബെഹനാൻ</u> : സർ, സംസ്ഥാനത്ത് ഒരു കായിക സർവ്വകലാശാല തുടങ്ങേണ്ട ആവശ്യകതയിലേയ്ക്കാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇന്ന് സ്പോർട്സിന്റെ കാലഘട്ടമാണ്. ചെറുപ്പക്കാർ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത് സ്പോർട്സിലാണ്. ലോകകപ്പ് ഫുട്ബോളിനെ നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ ആസ്വദിക്കുകയല്ല, ആഘോഷിക്കുകയായിരുന്നുവെന്നത് അതിന് ഏറ്റവും വലിയ ഉദാഹരണമാണ്. കേരളത്തിൽ നാഷണൽ ഗെയിംസ് നടക്കാൻ പോകുകയാണ്. ഇന്ത്യൻ കായിക മുന്നേറ്റത്തിന്റെ അക്ഷയഖനി കേരളമാണ്. സ്പോർട്സിൽ, പ്രത്യേകിച്ച് അത് ട്രാക്കിൽ തിളങ്ങിനിൽക്കുന്നത് കേരളത്തിന്റെ യൗവ്വനമാണ്. എന്നിട്ടും പുരുഷക്കാർക്ക് ശരീരബലത്തോടും ആത്മബലത്തോടും ഈ രംഗത്തേയ്ക്ക് കടന്നുവരാനുള്ള സാഹചര്യമില്ല. കൃത്യമായ ആസൂത്രണം, നൂതനമായ പരിശീലന സങ്കേതങ്ങൾ എന്നിവ രാജ്യത്തെ കായിക വ്യവസ്ഥയ്ക്ക് നിർണ്ണായകമാണ്. ഏത് സാഹചര്യവും നേരിടാനുമുള്ള മനക്കരുത്ത് താരങ്ങൾക്ക് പകർന്നുനൽകണം. ഇക്കാര്യത്തിലാണ് നാം പിന്നിൽ നിൽക്കുന്നത്. ഇവിടെയാണ് കായിക സർവ്വകലാശാലയുടെ പ്രസക്തി. കായികരംഗത്ത് ബിരുദം മാത്രം പോരാ. നമ്മൾ കുറച്ച് ബിരുദക്കാരെ സൃഷ്ടിച്ചിട്ടുണ്ട്, അതുമാത്രം പോരാ. കായികരംഗത്ത് ആഴത്തിലുള്ള ഗവേഷണവും പരിശീലനവും നിർവ്വഹണവും സ്റ്റാറ്റിസ്റ്റിക്സും വേണം. വിഭവങ്ങൾ തുടങ്ങിയ മേഖലകളിൽ പഠനം വേണം. രാജ്യത്തിന്റെ ഭൂപ്രകൃതി, മനുഷ്യപ്രകൃതി ഇതെല്ലാം കായികരംഗത്തിന്റെ വളർച്ചയ്ക്ക് എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിനെ അടിസ്ഥാനമാക്കി താരങ്ങളെ എങ്ങനെ വളർത്തിയെടുക്കാമെന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്.

കായിക സർവ്വകലാശാലകൾ വന്നാൽ മാത്രമേ കായികരംഗത്ത് അടിമുടി മാറ്റം വരുത്തുവാനും അതുവഴി ഈ രംഗത്ത് മുന്നോട്ടുപോകുവാനും കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly